# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **611** **10.06.2014** ൽ മറുപടിയ്ക്ക്

### ക്വാറികൾക്ക് ലൈസൻസ് നൽകുന്നതിനുള്ള മാനദണ്ഡം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ. കെ. രാജു** | | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി)** |
| (എ) | സംസ്ഥാനത്ത് നിലവിൽ ലൈസൻസുള്ള എത്ര പാറ ക്വാറികൾ പ്രവർത്തിക്കുന്നുണ്ടെന്നും എത്ര ചെങ്കൽ (വെട്ടുകല്ല്) ക്വാറികൾ പ്രവർത്തിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ; ആയതിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് നിലവിൽ ഖനനാനുമതി ലഭ്യമായ 2001 കരിങ്കൽ ക്വാറികളും 2069 ചെങ്കൽ (വെട്ടുകല്ല്) ക്വാറികളും (ആകെ 4070 എണ്ണം; ഹ്രസ്വകാല പെർമിറ്റ്, ക്വാറിയിംഗ് ലീസ് ലഭ്യമായത് ഉൾപ്പെടെ) പ്രവർത്തിച്ചു വരുന്നു. ആയതിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ക്വാറികൾക്ക് ലൈസൻസ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; അനധികൃതമായി പ്രവർത്തിക്കുന്ന ക്വാറികൾക്കെതിരെ എന്തൊക്കെ ശിക്ഷാ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) | 1967-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ തുടർഭേദഗതി ചട്ടങ്ങൾ നിഷ്കർഷിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടുള്ള അപേക്ഷകളിൽ സ്ഥലപരിശോധനയ്ക്ക് ശേഷം മാത്രമാണ് ഖനനാനുമതി നൽകുന്നത്. എന്നാൽ കരിങ്കൽ ക്വാറികളുടെ പ്രവർത്തനത്തിന് മൈനിംഗ് & ജിയോളജി വകുപ്പ് നൽകുന്ന അനുമതിയ്ക്ക് പുറമെ എക്സ്പ്ലോസിവ് ലൈസൻസ്, ബ്ലാസ്റ്റ്മാൻ ലൈസൻസ്, പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ കൺസന്റ് , തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ അനുവദിക്കുന്ന ഡി & ഒ ലൈസൻസ് എന്നിവ കൂടി ഹാജരാക്കുന്ന മുറയ്ക്ക് മാത്രമേ കരിങ്കല്ല് നീക്കം ചെയ്യുന്നതിനുള്ള പി. ഫാറങ്ങൾ നൽകാറുള്ളു.<br><br>1967-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 29(i) പ്രകാരം പൊതുവഴി, ആരാധനാലയങ്ങളുടെ ചുറ്റുമതിൽ, റോഡ്, തോട്, പൊതു നിർമ്മിതികൾ മുതലായവയിൽ നിന്നും 50 മീറ്ററിനുള്ളിലും റെയിൽവേ ലൈൻ, ഹൈവേകളിലെ പാലങ്ങൾ എന്നിവയിൽ നിന്നും 75 മീറ്ററിനുള്ളിലും ഖനനപ്രവർത്തനം പാടില്ല. അല്ലാത്തപക്ഷം തക്ക അധികാരികളിൽ നിന്നും മുൻകൂർ അനുവാദം, നിരാക്ഷേപപത്രം എന്നിവ കരസ്ഥമാക്കേണ്ടതുണ്ട്. |

| | | | |
|---|---|---|---|
| | | | അനധികൃത ഖനനം ശ്രദ്ധയിൽപ്പെടുന്ന പക്ഷം ഉടൻ തന്നെ നിർത്തി വയ്പ്പിക്കുകയും റവന്യു അധികാരിയുടെ സേവനം ലഭ്യമാക്കി ഖനനം ചെയ്ത ധാതുവിന്റെ അളവ് തിട്ടപ്പെടുത്തി 1967-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ അനുശാസിക്കുന്ന റോയൽറ്റിയും പിഴയും സ്ഥലം ഉടമയിൽ നിന്നോ അനധികൃത ഖനനം നടത്തിയ വ്യക്തിയിൽ നിന്നോ ഈടാക്കുകയും; ആയതിന് വിസമ്മതിക്കുന്ന പക്ഷം റവന്യു റിക്കവറി നടപടി/പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുന്നതുമായിരിക്കും. |
| (സി) | ക്വാറികൾക്ക് ലൈസൻസ് നൽകുന്നതിന് പരിസ്ഥിതി ആഘാത നിർണയ പഠന റിപ്പോർട്ട് ആവശ്യമാണോ; ഇല്ലെങ്കിൽ ഇത്തരം ലൈസൻസുകൾ അനുവദിക്കുന്നതിന് പ്രസ്തുത റിപ്പോർട്ട് ആവശ്യമാണെന്ന നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ? | (സി) | 2006-ലെ EIA Notification-നും തുടർഭേദഗതികളും അനുസരിച്ച് ആവശ്യമാണ്. ക്വാറിയിംഗ് ലീസ്, പുതിയവ അനുവദിക്കുന്നതിലേയ്ക്കും നിലവിലുള്ളവ പുതുക്കുന്നതിലേയ്ക്കും പാരിസ്ഥിതികാനുമതി ആവശ്യമാണ്. കൂടാതെ നിലവിലുള്ള കരിങ്കൽ/വെട്ടുകല്ല് ക്വാറികൾക്ക് സ്റ്റേറ്റ് എൺവയോൺമെന്റൽ ഇംപാക്ട് അസസ്സ്മെന്റ് അതോറിറ്റിയുടെ പരിസ്ഥിതി ക്ലിയറൻസ് സാക്ഷ്യപത്രം 09-01-2015-നുള്ളിൽ സമ്പാദിക്കേണ്ടതായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം.

## സംസ്ഥാനത്ത് നിലവിൽ (31-05-2014) ലഭ്യമായ കരിങ്കൽ/വെട്ടുകല്ല് (ചെങ്കൽ) ക്വാറികളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ

| ജില്ല | കരിങ്കൽ ക്വാറികളുടെ എണ്ണം (ക്വാറിയിംഗ് പെർമിറ്റ്, ക്വാറിയിംഗ് ലീസ് ഉൾപ്പെടെ | ചെങ്കൽ (വെട്ടുകല്ല്) ക്വാറികളുടെ എണ്ണം | ആകെ |
|---|---|---|---|
| തിരുവനന്തപുരം | 160 | 4 | 164 |
| കൊല്ലം | 105 | 63 | 168 |
| പത്തനംതിട്ട | 125 | 10 | 135 |
| ആലപ്പുഴ | - | 24 | 24 |
| കോട്ടയം | 115 | 9 | 124 |
| ഇടുക്കി | 109 | - | 109 |
| എറണാകുളം | 262 | 123 | 385 |
| തൃശ്ശൂർ | 226 | 71 | 297 |
| പാലക്കാട് | 177 | 33 | 210 |
| മലപ്പുറം | 287 | 561 | 848 |
| കോഴിക്കോട് | 104 | 153 | 257 |
| വയനാട് | 64 | - | 64 |
| കണ്ണൂർ | 190 | 701 | 891 |
| കാസർഗോഡ് | 77 | 317 | 394 |
| **ആകെ** | **2001** | **2069** | **4070** |

സെക്ഷൻ ആഫീസർ